പ്ലാനിംഗ് ബോർഡിൽ പദ്ധതി നിർവ്വഹണ നിരീക്ഷണ സംവിധാനം

41 (3243) ശ്രീ. പി. എ. മാധവൻ :

ശ്രീ. ഹൈബി ഈഡൻ :

ശ്രീ. ടി. എൻ. പ്രതാപൻ :

ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാനിംഗ് ബോർഡിൽ പദ്ധതി നിർവ്വഹണ നിരീക്ഷണ സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇത് നടപ്പാക്കാൻ, ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1. പദ്ധതി നിർവ്വഹണത്തെക്കുറിച്ചുള്ള എല്ലാ വിശദാംശങ്ങളും ശേഖരിക്കുക.

2. പദ്ധതി നിർവ്വഹണം യഥാസമയം അവലോകനം ചെയ്യുക.

3. പദ്ധതികളുടെയും അവയുടെ ഘടകങ്ങളുടെയും ഭൗതികവും സാമ്പത്തികവുമായ പുരോഗതി/നിർവ്വഹണ ഘട്ടം എന്നീ വിവരങ്ങൾ നൽകുക.

4. പദ്ധതി നിർവ്വഹണത്തിലെ പോരായ്മകളും കാലതാമസവും അതിന്റെ കാരണങ്ങളും കണ്ടെത്തി പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക.

5. ഭരണാനുമതി മുതലുള്ള പദ്ധതിയുടെ എല്ലാ ഘട്ടങ്ങളും നിരീക്ഷണം/ അവലോകനം ചെയ്യുക.

6. വിവിധതരത്തിലുള്ള മാനേജീരിയൽ റിപ്പോർട്ടുകൾ ലഭ്യമാക്കുക.

(സി) പദ്ധതി നടത്തിപ്പിന്റെ ഓരോ ഘട്ടവും തൽസമയ നിരീക്ഷണത്തിന് വിധേയമാക്കുന്നുണ്ട്. ചീഫ് സെക്രട്ടറിയുടെ പ്രതിമാസ യോഗങ്ങളിൽ പോരായ്മകൾ ചൂണ്ടിക്കാട്ടുകയും പദ്ധതി നിർവ്വഹണം സുഗമമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly